**D 52814** (Pages : 3) Name.................................

Reg. No.............................

# FIRST SEMESTER B.A. DEGREE EXAMINATION
## NOVEMBER 2018

(CUCBCSS—UG)

Core Course—Malayalam

MAL 1B 01—MALAYALA KAVITHA—NAVOTHANA KHATTAM

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക. ½ മാർക്കു വീതം :

1 കരുണയുടെ ഇതിവൃത്തം സ്വീകരിച്ചത് ഏതു കൃതിയിൽനിന്ന് ?

2 ഒളപ്പമണ്ണയുടെ മുഴുവൻ പേര്.

3 'രമണൻ' വിലാപകാവ്യങ്ങളിൽ ഏതു വിഭാഗത്തിൽപെടുന്നു ?

4 ബ്രിട്ടീഷ് ഗവൺമെൻറിനോടുള്ള പ്രതിഷേധംകൊണ്ട് വള്ളത്തോൾ നിരസിച്ച ബഹുമതി.

5 ഗാന്ധിയും ഗോഡ്സെയും എന്ന കവിത എഴുതിയതാര് ?

6 വള്ളത്തോൾ എഴുതിയ മഹാകാവ്യം.

7 'കളിയച്ഛൻ' ആരുടെ കൃതിയാണ് ?

8 കേരള കലാമണ്ഡലം സ്ഥാപിച്ച കവി.

9 പൂതപ്പാട്ട്, കാവിലെപ്പാട്ട് എന്നീ കവിതകൾ രചിച്ചതാര് ?

10 "വിളി കേൾക്കുന്നു, വിളി കേൾക്കുന്നു
മാതാവിൻ വിളി കേൾക്കുന്നു"

—മാതാവ് ആര് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്കു വീതം :

11 'കാട്ടിലൊരമ്പലം' ആ അമ്പലത്തിൻെറ പ്രത്യേകതകളെന്തെല്ലാം ?

12 "ഈടാർന്നു വായ്ക്കുമനുരാഗ നദിയ്ക്കു വിഘ്നം
കൂടാതൊഴുക്കനുവദിക്കുകയില്ല ദൈവം"

—സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

Turn over

13 “കറയറ്റൊരാലസൽ ഗ്രാമഭംഗി”—ഒരു കുറിപ്പെഴുതുക.

14 “രാജൽകര കേസരങ്ങൾ വീശിടുന്നു ദൂരത്തൊരു

രാജമല്ലി മരം പൂത്തു വിലസുംപോലെ”

—വ്യക്തമാക്കുക.

15 “ഇടയുള്ളോർ വാദിപ്പിൻ മാർഗ്ഗവും ലക്ഷ്യവു-

മിടറിയോ, ഞാനൊന്നു തലചായ്ക്കട്ടെ !”

—വിശദീകരിക്കുക.

(5 × 2 = 10 marks)

III. ഏതെങ്കിലും അഞ്ചു ചോദ്യത്തിന് നൂറ്റമ്പതു വാക്കിൽ കവിയാതെ ഉത്തരമെഴുതുക. 5 മാർക്കു വീതം :

16 “ഹാ, സുഖങ്ങൾ വെറും ജാലം ആരറിവൂ നിയതിതൻ

ത്രാസു പൊങ്ങുന്നതും താനേ താണു പോവതും”

—സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

17 “ചെറ്റല്ല ദുർദ്ദശയിലാക്കിയതെൻ പ്രഭോ, കേ

ടറ്റങ്ങയെച്ചപലയാമിവളെങ്കിലും മേ,

തെറ്റത്രയും സദയമിങ്ങു പൊറുത്തു തൃക്കാ

ലറ്റത്തെനിക്കനുവദിക്കുക നിത്യദാസ്യം”

—സന്ദർഭം വ്യക്തമാക്കുക.

18 “മാന്തിപ്പൊളിക്കയായ് സ്വർണ്ണനിക്ഷേപത്തിൻ കല്ലറ”—സൂചിതമെന്ത് ?

19 ‘നരബലി’ എന്ന കവിതയിൽ പി. കുഞ്ഞിരാമൻ നായർ അവതരിപ്പിക്കുന്ന മൂന്നു ചിത്രങ്ങൾ ഏതെല്ലാം ?

20 “നിങ്ങൾക്കു പുരുഷന്മാരെ

നേരമ്പോക്കാണു ജീവിതം

തീയുകൊണ്ടുള്ളിക്കളി”

—വ്യക്തമാക്കുക.

21 വിരഹിണിയായ ഉഷയുടെ ചിത്രം വള്ളത്തോൾ വരച്ചിരിക്കുന്നതെങ്ങനെ ?

22 "വിശപ്പിനു വിഭവങ്ങൾ

വെറുപ്പോളമശിച്ചാലും

വിശിഷ്ടഭോജ്യങ്ങൾ കാൺകിൽ

കൊതിയാമാർക്കും"

—സന്ദർഭമെഴുതുക.

(5 × 5 = 25 marks)

IV. ഏതെങ്കിലും നാലു ചോദ്യത്തിന് മുന്നൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക. 10 മാർക്കു വീതം :

23 ഇരുപതാം നൂറ്റാണ്ടിൻെറ രണ്ടാം പകുതിയുടെ സാംസ്കാരിക ചരിത്രവും രാഷ്ട്രീയ ചരിത്രവുമാണ് എൻ.വി. കൃഷ്ണവാര്യരുടെ കവിത. 'ഗാന്ധിയും ഗോഡ്സെയും' എന്ന കവിതയെ മുൻനിർത്തി വിശകലനം ചെയ്യുക.

24 'കരുണ' ഒരു സ്ത്രീ ജീവിതത്തെയും അവരുടെ അകൃത്രിമമായ പ്രണയത്തേയുമാണ് ചിത്രീകരിക്കുന്നത്—ചർച്ച ചെയ്യുക.

25 'നരബലി'യിൽ അവതരിപ്പിക്കുന്ന ദേശീയോദ്ഗ്രഥനബോധം ചർച്ച ചെയ്യുക.

26 ഉഷയും അനിരുദ്ധനും തമ്മിലുള്ള സംഭാഷണത്തിൽ തെളിയുന്ന സ്വാതന്ത്ര്യബോധത്തിൻെറ സ്വഭാവമെന്ത് ?

27 ഒരു കാലഘട്ടത്തിലെ കാവ്യാഭിരുചിയെ നിർണ്ണയിക്കാനും കവിതയെ ജനകീയമാക്കാനും ചങ്ങമ്പുഴയ്ക്കു കഴിഞ്ഞു—രമണൻ എന്ന കൃതിയെ മുൻനിർത്തി വിലയിരുത്തുക.

28 പ്രകൃതിയുടെ ജീവരക്തത്തിൽ മനുഷ്യത്വത്തിൻെറ ആത്മസത്ത കാട്ടാനുള്ള കവിയുടെ സിദ്ധി നരബലിയിൽ ഉണ്ട്—സമർത്ഥിക്കുക.

(4 × 10 = 40 marks)